10718
16/10/14

**കേരള സർക്കാർ**

സംഗ്രഹം

സാമൂഹ്യനീതി വകുപ്പ് -കോഴിക്കോട് ആഫ്റ്റർ കെയർ ഹോം ഫോർ ഗേൾസ് ഗവൺമെന്റ് ചിൽഡ്രൻസ് ഹോം ഫോർ ബോയ്സ് കെട്ടിടത്തിലേയ്ക്ക് മാറ്റുന്നതിന് അനുമതി നൽകിയ ഉത്തരവ് റദ്ദ് ചെയ്ത് ഉത്തരവാകുന്നു.

================================================================================

സാമൂഹ്യനീതി (സി) വകുപ്പ്

സ.ഉ.(സാധാ) നം.557/2014/സാനീവ തിരുവനന്തപുരം, തീയതി 28.08.2014.

================================================================================

പരാമർശം : 1. 30.01.2013 ലെ സ.ഉ.(സാധാ) 24/13/സാനീവ നമ്പർ ഉത്തരവ്.

2. സാമൂഹ്യനീതി വകുപ്പ് ഡയറക്ടറുടെ 02.05.2014 ലെ എഫ്6- 34777/13 നമ്പർ കത്ത്.

**ഉത്തരവ്**

സാമൂഹ്യനീതി വകുപ്പിനു കീഴിലുള്ള കോഴിക്കോട് ആഫ്റ്റർ കെയർ ഹോം ഫോർ ഗേൾസ് എന്ന സ്ഥാപനം അതേ കോമ്പൗണ്ടിലെ അടഞ്ഞു കിടക്കുന്ന ഗവൺമെന്റ് ചിൽഡ്രൻസ് ഹോം ഫോർ ബോയ്സ് പ്രവർത്തിച്ചിരുന്ന പഴയ കെട്ടിടത്തിലേയ്ക്ക് 18 ലക്ഷം രൂപ ചെലവഴിച്ച് അറ്റകുറ്റപ്പണികൾ നടത്തി മാറ്റുന്നതിന് പരാമർശം 1 പ്രകാരം ഉത്തരവ് നൽകിയിരുന്നു.

2. ഗവൺമെന്റ് ചിൽഡ്രൻസ് ഹോം ഫോർ ബോയ്സ് പ്രവർത്തിച്ചിരുന്ന കെട്ടിടം, ജെൻഡർ പാർക്കിന്റെ വികസനത്തിന്റെ ഭാഗമായി പൊളിച്ച് അറ്റകുറ്റപ്പണി നടത്താൻ തീരുമാനിച്ചിരിക്കുന്നതിനാൽ പരാമർശം ഒന്നിലെ ഉത്തരവ് പ്രകാരം നൽകിയ ഭരണാനുമതി റദ്ദ് ചെയ്യണമെന്ന് സാമൂഹ്യനീതി വകുപ്പ് ഡയറക്ടർ പരാമർശം രണ്ട് പ്രകാരം അഭ്യർത്ഥിച്ചു.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഗവൺമെന്റ് ചിൽഡ്രൻസ് ഹോം ഫോർ ബോയ്സ് പ്രവർത്തിച്ചിരുന്ന കെട്ടിടം ജെൻഡർ പാർക്കിന്റെ വികസനത്തിന്റെ ഭാഗമായി ഏറ്റെടുത്തിരിക്കുന്ന സാഹചര്യത്തിൽ, പരാമർശം ഒന്നിലെ ഉത്തരവ് പ്രകാരം നൽകിയ ഭരണാനുമതി റദ്ദ് ചെയ്ത് ഉത്തരവാകുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം

എൽ.എ. ഗ്രിഗോറിയസ്

ഡെപ്യൂട്ടി സെക്രട്ടറി

സാമൂഹ്യനീതി വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരള, തിരുവനന്തപുരം

ധനകാര്യ വകുപ്പ്

ഇൻഫർമേഷൻ ഓഫീസർ,വെബ് & ന്യൂ മീഡിയ വിഭാഗം (പ്രസിദ്ധീകരണത്തിന് )

കരുതൽ ശേഖരം/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ